# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം–686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**


പി.ആർ.ഒ./39/245/2018 2018 നവംബർ 16

## എം.ജി. വാർത്താക്കുറിപ്പ് - 1

---

**പരീക്ഷഫലം**

2018 ജൂണിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ നടത്തിയ ഒന്നാം സെമസ്റ്റർ പി.ജി. ഡിപ്ലോമ ഇൻ ഇന്ത്യൻ സൈൻ ലാംഗ്വേജ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 സെപ്റ്റംബറിൽ സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.ഫിൽ ബയോസയൻസസ് (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 ഏപ്രിലിൽ സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എഡ്. (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2018 മെയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.പി.എഡ്. (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 30 വരെ അപേക്ഷിക്കാം.

2018 മേയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എം.സി.എ. (2015 അഡ്മിഷൻ റഗുലർ, 2011 - 2014 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ, സീപാസ്), ലാറ്ററൽ എൻട്രി (2016 അഡ്മിഷൻ റഗുലർ, 2013 - 2015 അഡ്മിഷൻ സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 29 വരെ അപേക്ഷിക്കാം.

**ജൂനിയർ റിസർച്ച് ഫെല്ലോ ഒഴിവ്**

സ്കൂൾ ഓഫ് ബയോസയൻസസിൽ പുതുതായി ആരംഭിക്കുന്ന പ്രോജക്ടിലേക്ക് റിസർച്ച് ഫെല്ലോയുടെ രണ്ട് ഒഴിവുണ്ട്. യോഗ്യത: 60 ശതമാനംമാർക്കോടെ എം.എസ്‌സി. ബയോഇൻഫോർമാറ്റിക്സ് ബിരുദം. എം.എസ്‌സി. ബയോടെക്നോളജി/ മൈക്രോബയോളജി/ ബയോകെമിസ്ട്രി ബിരുദവും ബയോ ഇൻഫോർമാറ്റിക്സ്/കമ്പ്യൂട്ടേഷണൽ ബയോളജിയിലുള്ള പ്രവൃത്തിപരിചയവും. പ്രായപരിധി 30 വയസ്. മാസം 10000 രൂപ പ്രതിഫലം. രണ്ടുവർഷത്തേക്കാണ് നിയമനം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731035.

**സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ജോലിഭാരവും**

**തസ്തിക നിർണയവും: അദാലത്ത് 26 മുതൽ**

സ്വകാര്യ എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ ജോലിഭാരവും തസ്തികനിർണയവും സംബന്ധിച്ചുള്ള അദാലത്ത് നവംബർ 26ന് ആരംഭിക്കുമെന്ന് മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. ജോലിഭാരവും തസ്തികനിർണയവും സംബന്ധിച്ച അദാലത്തിന് മുന്നോടിയായി സർവകലാശാല അസംബ്ലി ഹാളിൽ നടന്ന എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരുടെയും എറണാകുളം, കോട്ടയം മേഖലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

അദാലത്തുമായി ബന്ധപ്പെട്ട രേഖകൾ നവംബർ 22നകം സർവകലാശാലയിൽ സമർപ്പിക്കണം. 2017 നവംബർ ഒന്ന് അടിസ്ഥാനമാക്കി ജോലിഭാരവും തസ്തിക നിർണയവും സംബന്ധിച്ച രേഖകളാണ് സമർപ്പിക്കേണ്ടത്. അദാലത്തിൽ അസൽ രേഖകൾ സമർപ്പിക്കണം.

സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. എ. ജോസ്, ഡോ. ആർ. പ്രഗാഷ്, ഡോ. റോയ് സാം ഡാനിയേൽ, പ്രൊഫ. വി.എസ്.

പ്രവീൺകുമാർ, രജിസ്ട്രാർ എം.ആർ. ഉണ്ണി, എറണാകുളം കോളേജിയറ്റ് എജ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. പി.എസ്. അജിത, കോട്ടയം കോളേജിയറ്റ് എജ്യൂക്കേഷൻ ഡെപ്യൂട്ടി ഡയറക്ടർ ഡോ. മാത്യു ജോർജ്, ഭരണവിഭാഗം ജോയിന്റ് രജിസ്ട്രാർ സാബു തോമസ് എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ ക്യാപ്ഷൻ**

**ജോലിഭാരവും തസ്തികനിർണയവും സംബന്ധിച്ച അദാലത്തിന് മുന്നോടിയായി സർവകലാശാല അസംബ്ലി ഹാളിൽ നടന്ന എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരുടെയും എറണാകുളം, കോട്ടയം മേഖലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും യോഗം വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

## ഓൺലൈൻ ചോദ്യപേപ്പർ; മോക് ഡെമോ 19നും 22നും

നവംബർ 27ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബിരുദ സി.ബി.സി.എസ്. പരീക്ഷകൾക്കും ഡിസംബറിൽ നടക്കുന്ന ഒന്നും മൂന്നും സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾക്കും ഓൺലൈനായി ചോദ്യപേപ്പറുകൾ നൽകുന്നതിന്റെ ഭാഗമായുള്ള സാമ്പിൾ മോക് ഡെമോ നവംബർ 19നും 22നും നടക്കും. ബിരുദപരീക്ഷകളുടേത് രാവിലെ 11നും ബിരുദാനന്തര ബിരുദ പരീക്ഷകളുടേത് ഉച്ചയ്ക്ക് 12.30നും നടക്കും. ട്രയൽ റൺ നടത്തുന്നതിന് വേണ്ട സജ്ജീകരണങ്ങൾ കോളേജ് പ്രിൻസിപ്പൽമാർ സ്വീകരിക്കണം. പിഴവുകൾ ശ്രദ്ധയിൽപ്പെട്ടാൽ ഇന്ന് (നവംബർ 17) വൈകീട്ട് അഞ്ചിനകം സർവകലാശാലയെ രേഖാമൂലം അറിയിക്കണം. പ്രൊഫൈൽ കൃത്യമായി പരിപാലിക്കണം. പരീക്ഷാദിവസങ്ങളിൽ ചോദ്യപേപ്പർ ഡൗൺലോഡിംഗും പ്രിന്റിംഗും നടത്തുന്ന കോൺഫിഡൻഷ്യൽ മുറികൾ സി.സി.ടി.വി. നിരീക്ഷണത്തിലാണെന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തണം. വിശദവിവരങ്ങൾക്ക് ഫോൺ: 0481 - 2731011 (അസി. രജിസ്ട്രാർ, പരീക്ഷ), 0481 - 2733470, 2733471, 2733467 (ഹെൽപ്പ്ലൈൻ), 0481 - 2733528 (സാങ്കേതിക സഹായം). ഇമെയിൽ: ar21exams@mgu.ac.in.

# എം.ജി. വാർത്താക്കുറിപ്പ് - 2

---

## എൻ.എസ്.എസ്. സെക്രട്ടറിമാർക്കുള്ള ത്രിദിന നേതൃത്വപരിശീലന ക്യാമ്പിനു തുടക്കം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് കോട്ടയം അമലഗിരി ബി.കെ. കോളേജിൽ ആരംഭിച്ചു. സർവകലാശാല വെസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിച്ചു. എൻ.എസ്.എസ്. വോളണ്ടിയർ സെക്രട്ടറിമാർക്ക് സമൂഹത്തിൽ വലിയകാര്യങ്ങൾ ചെയ്യാനാകുമെന്നും മാതൃകയാർന്ന നേതൃത്വപാടവം ആർജ്ജിക്കണമെന്നും അദ്ദേഹം പറഞ്ഞു. സിൻഡിക്കേറ്റംഗം പ്രൊഫ. ടോമിച്ചൻ ജോസഫ് അധ്യക്ഷത വഹിച്ചു.

സിൻഡിക്കേറ്റംഗം ഡോ. എ. ജോസ്, എൻ.എസ്.എസ്. പ്രോഗ്രാം കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു, കോളേജ് പ്രിൻസിപ്പൽ ഡോ. ലീന മാത്യു, ക്യാമ്പ് ഓഫീസർ ദിയ ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ഐ.വി. സോമൻ, ജി. ശ്രീകുമാർ എന്നിവർ ക്ലാസെടുത്തു. ഇന്നും(നവംബർ 17) നാളെയുമായി (നവംബർ 18) പ്രൊഫ. തോമസ് ജോൺ മാമ്പറ, ഡോ. ടോംസ് എബ്രഹാം, ഡോ. ജോയി ജോസഫ്, ഡോ. എം.എസ്. സുനിൽ, ഡോ. കെ. സാബുക്കുട്ടൻ, ജി.പി. സജിത്ത് ബാബു, പ്രൊഫ. എം.ജെ. മാത്യു എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസെടുക്കും.

18ന് രാവിലെ 11ന് പൊതുചർച്ച നടക്കും. ഡോ. അജിത് ജെയിംസ് ജോസ്, ദിയ ഫിലിപ്പ്, പി.എം. രാഗം, ദീപു ജോസഫ് എന്നിവർ ചർച്ച നയിക്കും. ഉച്ചയ്ക്ക് 12.30ന് സമാപന സമ്മേളനവും സർട്ടിഫിക്കറ്റ് വിതരണവും നടക്കും. രജിസ്ട്രാർ പ്രൊഫ. എം.ആർ. ഉണ്ണി മുഖ്യാതിഥിയായിരിക്കും.

## ഫോട്ടോ കാപ്ഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ നാഷണൽ സർവീസ് സ്കീം വോളണ്ടിയർ സെക്രട്ടറിമാർക്കുള്ള ത്രിദിന നേതൃത്വ പരിശീലന ക്യാമ്പ് കോട്ടയം അമലഗിരി ബി.കെ. കോളേജിൽ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു.

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ